## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 3374

18.02.2013 - ലെ മറുപടിയ്ക്ക്

### നൃൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾക്കായുള്ള കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും നൃൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) 2011-2012, 2012-2013 സാമ്പത്തിക വർഷങ്ങളിൽ നൃൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾക്കായി സംസ്ഥാന വിഹിതമായി എത്ര തുക വകയിരുത്തിയിരുന്നുവെന്നും കേന്ദ്ര പദ്ധതികളുടെ വിഹിതമായി എത്ര തുക വകയിരുത്തിയിരുന്നുവെന്നും വ്യക്തമാക്കുമോ ; | (എ) 2011-12 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര ഇനത്തിൽ ആകെ 14,14,07,000/- രൂപയും പദ്ധതി ഇനത്തിൽ ആകെ 19,40,65,000/- രൂപയും വകയിരുത്തിയിരുന്നു. ഇതിൽ 13,98,95,000/- രൂപ കേന്ദ്ര വിഹിതവും 5,41,70,000/- രൂപ സംസ്ഥാന വിഹിതവുമാണ്.<br><br>2012-13 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര ഇനത്തിൽ ആകെ 12,57,48,000/- രൂപയും പദ്ധതി ഇനത്തിൽ ആകെ 78,72,30,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. പദ്ധതി തുകയിൽ എം.എസ്.ഡി.പി. പദ്ധതിയ്ക്കായി വകയിരുത്തിയ 76 കോടി രൂപയിൽ 75% (57 കോടി രൂപ) കേന്ദ്രവിഹിതമാണ്. |
| (ബി) ഓരോ സാമ്പത്തിക വർഷത്തിലും ലക്ഷ്യമിട്ട പദ്ധതികൾ എന്തെല്ലാമായിരുന്നു ; | (ബി) 2011-12സാമ്പത്തിക വർഷത്തിൽ, 1) വിവിധ നൃൂനപക്ഷ സ്കോളർഷിപ്പുകളുടെ വിതരണം, 2) നൃൂനപക്ഷ വിഭാഗത്തിലെ നിർദ്ധനരായ പഠിതാക്കൾക്കുള്ള സൗജന്യ പഠന മേശ കസേര വിതരണം 3) മദ്രസ്സ അദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള മദ്രസ്സ അദ്ധ്യാപകരുടെ ബി.ടെക്കിന് പഠിക്കുന്ന മക്കൾക്ക് സൗജന്യ ലാപ്ടോപ്പ് വിതരണം 4) തീരദേശ സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥിനികൾക്കായി ആരോഗ്യ ശുചിത്വ സമുച്ചയങ്ങളുടെ നിർമ്മാണം എന്നീ പദ്ധതികൾ വിഭാവനം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.<br><br>2012-13 സാമ്പത്തിക വർഷത്തിൽ, 1)സൈനിക അർദ്ധ - സൈനിക മേഖലകളിൽ നൃൂനപക്ഷ |

ഉദ്യോഗാർത്ഥികൾക്ക് പ്രീ റിക്രൂട്ട്മെന്റ് പരിശീലനം 2)സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങളുടെ ആരംഭം, 3) സ്വദേശത്തും വിദേശത്തും വിവിധ തൊഴിൽ ലഭിക്കുന്നതിന് സർക്കാർ പോളിടെക്നിക് മുഖേന വിവിധ തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ, 4)കേന്ദ്ര-സംസ്ഥാന ന്യൂനപക്ഷ വകുപ്പുകളുടെ പ്രവർത്തനങ്ങളും ക്ഷേമപദ്ധതികളും ജനങ്ങളിലേക്ക് എത്തിക്കുന്നതിന് സംസ്ഥാനത്തുടനീളം ന്യൂനപക്ഷ പ്രൊമോട്ടർമാരുടെ നിയമനം 5) 250 ബോധവത്ക്കരണ ക്യാമ്പുകൾ 6) ന്യൂനപക്ഷ വനിതാ ശാക്തീകരണത്തിനായി സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം,7) ബഹുമുഖ വികസന പദ്ധതിയിൽ ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളുടെയും പ്രദേശങ്ങളുടെയും വികസനത്തിന് ധനസഹായം, 8) ന്യൂനപക്ഷ വിഭാഗത്തിലെ പഠിതാക്കൾക്കായി വിവിധ സ്കോളർഷിപ്പ്, 9) വിവാഹമോചിതരും, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടതും നിരാലംബരുമായ വനിതകൾക്ക് വീട് വയ്ക്കാൻ ധനസഹായം എന്നീ പദ്ധതികളാണ് ലക്ഷ്യമിട്ടത്.

| | |
|---|---|
| (സി) ഏതെല്ലാം ഏജൻസികൾ മുഖേനയാണ് ന്യൂനപക്ഷക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ ? | സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നത് സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പിന്റെയും വകുപ്പ് ഡയറക്ടറേറ്റിന്റെയും മേൽനോട്ടത്തിലാണ്. ഇതിനായി ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ